"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- വയനാട് ഉരുൾപൊട്ടലിൽ കൃഷി ഭൂമി നശിച്ച കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.209/2025/DMD തീയതി,തിരുവനന്തപുരം, 03-04-2025

---

പരാമർശം:- വയനാട് ജില്ലാകളക്ടറുടെ 22/03/2025 ലെ DCWYD/5501/2024-DM3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് ഉരുൾപൊട്ടലിൽ കൃഷി ഭൂമി നശിച്ചതിന് ധനസഹായം അനുവദിക്കുന്നതിന് 3,78,110/- (മൂന്നു ലക്ഷത്തി എഴുപത്തി എട്ടായിരത്തി ഒരുനൂറ്റിപത്ത്) രൂപ അനുവദിക്കണമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും, മുണ്ടക്കൈ പ്രദേശത്ത് ഉണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് കൃഷി ഭൂമി നശിച്ചതുമായി ബന്ധപ്പെട്ട് കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിനായി SDRF ൽ നിന്ന് 2245-02-115-99-F- Assistance to Farmers to Clear Sand/Silt എന്ന ശീർഷകത്തിൽ നിന്ന് 3,78,110/- (മൂന്ന് ലക്ഷത്തി എഴുപത്തി എട്ടായിരത്തി ഒരുന്നൂറ്റി പത്ത് രൂപ) രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വയനാട് ജില്ലാകളക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ഉരുൾപൊട്ടലിൽ കൃഷി ഭൂമി നശിച്ച കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് 3,78,110/- (മൂന്നു ലക്ഷത്തി എഴുപത്തി എട്ടായിരത്തി ഒരുനൂറ്റിപത്ത്) രൂപ 2245-02-115-99-F- Assistance to Farmers to Clear Sand/Silt എന്ന ശീർഷകത്തിൽ നിന്ന് വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 03-04-2025 14:51:51